## മാർഗതടസ്സങ്ങൾ

**പ്രസ്ഥാനത്തിന്റെ** മുൻഗണനാക്രമത്തെയും പ്രസ്ഥാനം നേരിടുന്ന വെല്ലുവിളികളെയും കുറിച്ചുള്ള കവർസ്റ്റോറികൾ (ജൂലൈ 25) ശ്രദ്ധേയമായി.

പ്രസ്ഥാന പ്രവർത്തകരുടെ ജീവിതംതന്നെയാണ് പ്രധാന പ്രബോധന മാധ്യമം. പ്രവാചകൻ കൊട്ടാരത്തിൽ താമസിച്ചുകൊണ്ട് ഖുർആൻ പ്രചരിപ്പിക്കുന്നുവെന്നു സങ്കൽപിക്കുക. എങ്കിൽ ഇസ്‌ലാമിന്റെ സ്ഥിതി എന്താകുമായിരുന്നു? ഇസ്‌ലാം ഏതാനും പ്രഭുകുമാരന്മാരുടെ താവളമാകുമായിരുന്നു. ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. പലയിടത്തും മുസ്‌ലിം സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ചുക്കാൻ പിടിക്കുന്നത് ഉയരത്തിൽ പറക്കുന്ന സമ്പന്നരാണ്. സമ്പത്ത് ചെലവഴിക്കുന്നതിൽ അവരിൽ ഒരു മാതൃകയുമില്ല. തെറ്റായ ഒട്ടേറെ രീതികൾ ഉണ്ടുതാനും. താഴെക്കിടയിലുള്ളവർ അവരുടെ അയലത്തുപോലും അടുക്കാൻ മടിക്കുന്ന അവസ്ഥയാണ് അത്തരം സ്ഥലങ്ങളിലുള്ളത്.

ഇബ്‌റാഹീം നബി നിർമിച്ച ലളിതമായ കഅ്ബയായിരുന്നു മുഹമ്മദ് നബിയുടെ കാലത്തുണ്ടായിരുന്നത്. അന്ന് സ്വർണത്തിന്റെ തൊങ്ങലുകളുണ്ടായിരുന്നില്ല. അതുകൊണ്ട് ഇസ്‌ലാമിന്റെ ലാളിത്യത്തെക്കുറിച്ച് പറയാൻ നബിക്ക് സാധിച്ചിരുന്നു. ഇന്ന് കഅ്ബയുടെ വാതിലുകൾ സ്വർണം പൂശിയതാണ്. സ്വർണനൂലുകളാൽ ഖുർആൻ വാക്യങ്ങൾ തുന്നിപ്പിടിപ്പിച്ച തുണികൊണ്ട് കഅ്ബ മൂടുന്നു. ലക്ഷക്കണക്കിന് രൂപ വിലവരുന്ന മൂടുപടം കൊല്ലംതോറും മാറ്റുന്നു. ഈ സാഹചര്യത്തിൽ ഇസ്‌ലാമിന്റെ ലാളിത്യത്തെക്കുറിച്ച് പറയുന്നതെങ്ങനെ?

സ്വർണവും വെള്ളിയും കെട്ടിപ്പൂട്ടിവെക്കുന്നവർക്ക് അല്ലാഹു കടുത്ത ശിക്ഷ വാഗ്ദാനം ചെയ്യുന്നു. എന്നാൽ, ആരാധനാമന്ദിരങ്ങളിൽ സ്വർണവും വെള്ളിയും കെട്ടിപ്പൂട്ടിവെക്കാൻ ആരാണ് അനുമതി നൽകിയത്? ഇസ്‌ലാമിന്റെ ചിഹ്നങ്ങൾ രാജാക്കന്മാരുടെ തന്നിഷ്ടത്തിന് ഇരയായിരിക്കുകയാണ്. ഇവയെല്ലാം ഇസ്‌ലാമിക പ്രബോധകർ നേരിടുന്ന പ്രശ്നങ്ങളാണ്.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

### മഴവിൽലോകത്തെ ഇസ്‌ലാം

## നാം ഇനിയും വളരേണ്ടതുണ്ട്

**ഇസ്‌ലാമിന്റെ** സമകാലികത യാഥാർഥ്യമാകണമെങ്കിൽ പുതുലോകത്ത് ഇസ്‌ലാം എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്നീ ആലോചനകളുടെ ഒരു കേരളീയ തുടക്കമാണ് 'മഴവിൽ ലോകത്തെ ഇസ്‌ലാം' സംവാദത്തിലൂടെ സാധ്യമായിരിക്കുന്നത്.

ഓരോ വ്യക്തിക്കും ശരിയും യുക്തവുമെന്ന് ബോധ്യപ്പെടുന്ന വ്യവസ്ഥീകരണത്തെ സ്വയം കണ്ടെത്താനും അനുഷ്ഠിക്കാനുമുള്ള സ്വാതന്ത്ര്യം പരസ്പരം അനുവദിക്കാനുള്ള സൗമനസ്യമാണ് ഒരു ബഹുസ്വര സമൂഹത്തിലുണ്ടാകേണ്ടത്. എനിക്ക് എന്റെ വ്യവസ്ഥീകരണം പോലെ വിലപ്പെട്ടതാണ് അപരന് അയാളുടേതെന്ന് തിരിച്ചറിയുന്ന സഹിഷ്ണുതാബോധം നമ്മുടെ സ്വഭാവത്തോടു കൂട്ടിച്ചേർക്കുന്നതാണ് പ്രബുദ്ധ മാനവികതയുടെ അടിത്തറ പണിയാനുള്ള ഏക ഉപാധി. വർഗീയ-ജാതീയ വിപത്തുകൾക്കുള്ള ഏക സർഗാത്മക പരിഹാരവും ഇതുതന്നെ. ഇസ്‌ലാം ഇതിന് എമ്പാടും പ്രോത്സാഹനം നൽകുന്നു. അപരന്റെ സ്വത്വത്തെ(ഐഡന്റിറ്റി) എതിർക്കാതെ തിരിച്ചറിഞ്ഞ് മാനിക്കുക എന്നതാണ് ഇസ്‌ലാമിന്റെ പ്രകൃതം.

ബഹുത്വമുള്ള ഒരു മഴവിൽ സമൂഹത്തിൽ വിവിധ വർണങ്ങളെ ഉൾക്കൊള്ളാനും അവയെ മാനിക്കാനും മാത്രം ഉയർന്ന സഹിഷ്ണുതാബോധവും അതിരുകൾ നിർണയിക്കാനാകാത്ത വിട്ടുവീഴ്ചാ മനോഭാവവുമാണ് ഇസ്‌ലാമിന്റെ സവിശേഷത. ഇസ്‌ലാം വിഭാവനം ചെയ്യുന്ന രാഷ്ട്രവും രാഷ്ട്രീയവും മുസ്‌ലിമിന്റെ മാത്രം രാഷ്ട്രവും രാഷ്ട്രീയവുമല്ല; മറിച്ച് ജനങ്ങളുടേതാണ്. 'ബഹുസ്വര രാഷ്ട്രത്തിൽ ജീവിക്കുന്നവർ തുല്യാവകാശമുള്ള പൗരന്മാരാണ്. പൗരത്വമെന്നത് രാഷ്ട്രവുമായി ഉണ്ടാക്കുന്ന കരാറാണ്. ഇത് പാലിക്കാൻ ഓരോ പൗരനും നിർബന്ധിതനുമാണ്.' ഒരു അൾട്രാ സെക്യുലർ രാജ്യത്തിന്റെ ഭരണഘടനാ വാക്യങ്ങളല്ലിത്. വൈവിധ്യങ്ങളുടെ വർണപ്പൂക്കൾ വിരിയുന്ന ബഹുമത-ബഹുസ്വര സമൂഹത്തിലെ ഇസ്‌ലാമിക രാഷ്ട്ര സങ്കൽപത്തിന്റെ പ്രഥമ വചനങ്ങളാണിവ.

വ്യത്യസ്ത ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പൈതൃകങ്ങൾ, സ്വഭാവ സവിശേഷതകൾ, സംസ്കാരങ്ങൾ എന്നിവ മേളിക്കുമ്പോഴാണ് ബഹുത്വമുണ്ടാകുന്നത്. ഈ ബഹുത്വമാണ് നമ്മുടെ ചുറ്റുപാടുകളെ സൗന്ദര്യമുള്ളതാക്കുന്നത്. ബഹുസ്വര സമൂഹത്തിലെ വിവിധ സ്വത്വങ്ങൾക്ക് അവരുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ പരസ്പരം ഉൾക്കൊള്ളാൻ സാധിക്കുക എന്നതാണ് അവർ ബഹുസ്വരമാകുക എന്നതിന്റെ മറ്റൊരു അർഥം. അഥവാ ഒരു മുസ്‌ലിം ചന്ദനക്കുറി തൊട്ട് ക്ഷേത്രദർശനം നടത്തുകയും ഹിന്ദു തൊപ്പി വെച്ച് ദർഗാ സിയാറത്ത് നടത്തുകയും ചെയ്യുമ്പോഴാണ് ബഹുസ്വരതയുണ്ടാകുന്നതെന്ന വാദം ഭീമാബദ്ധമാണ്. ബഹുസ്വരസമൂഹത്തിൽ നാം ചെയ്യുന്ന വിട്ടുവീഴ്ചകൾ ക്രമേണ ഒരു ഏകശിലാ സമൂഹ രൂപീകരണത്തിനുള്ള ചുവടുവെപ്പുകളാകാവതല്ല.

മുസ്‌ലിം സമൂഹം ബഹുസ്വരതയെ രണ്ട് ആത്യന്തിക വീക്ഷണ കോണിലൂടെയാണ് ഇന്നും നിരീക്ഷിക്കുന്നത്. മുസ്‌ലിമേതര വിഭാഗങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതും ആശംസകൾ കൈമാറുന്നതും ശിർക്കും ഹറാമുമാണെന്ന അറുപിന്തിരിപ്പൻ യാഥാസ്ഥിതിക വാദമാണ് ഒന്ന്. മത സൗഹാർദത്തിന്റെ ലേബൽ പതിച്ച് ശബരിമല സന്ദർശിക്കുകയും മഖ്ബറകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഉറൂസുകളിൽ മതസൗഹാർദ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്താൽ പുലരുന്ന ബഹുസ്വരതയാണ് മറുപക്ഷത്തിന്റേത്.

മുസ്‌ലിം സമൂഹം ന്യൂനപക്ഷമോ ഭൂരിപക്ഷമോ ആയിരുന്നപ്പോഴെല്ലാം ബഹുസ്വര സമൂഹത്തിൽ മാനവിക ബന്ധങ്ങൾ മാനിച്ചും നിലനിർത്തിയും പരസ്പര ഉൾച്ചേർച്ചയുടെ പ്രായോഗിക തലം കാണാനാകും. പ്രവാചകൻ മരണപ്പെടുമ്പോൾ തന്റെ പരിച ജൂതന്റെ വശം പണയത്തിലായിരുന്നു (ബുഖാരി) എന്ന ഒരൊറ്റ സംഭവം മതി അവരുടെ പരസ്പര ബന്ധത്തിന്റെ ദൃഢത ബോധ്യപ്പെടാൻ. എതിർപക്ഷത്ത് നിലയുറപ്പിച്ച് തങ്ങളെ തകർക്കാൻ അടവുകൾ പണിയുന്നവർ ദാരിദ്ര്യത്തിലാണെന്നറിഞ്ഞപ്പോൾ മനസ്സ് നൊന്ത് അവർക്ക് ടൺ കണക്കിന് ധാന്യങ്ങൾ എത്തിച്ചുകൊടുക്കുന്ന പ്രവാചകൻ(സ) ബഹുസ്വര സമൂഹത്തിൽ എതിർപക്ഷത്ത് നിൽക്കുന്നവരോട് പോലും എങ്ങനെ വർത്തിക്കണമെന്ന് ബോധ്യപ്പെടുത്തുന്നു.

ഇസ്‌ലാമിക ചരിത്രത്തിലെ നാഴികക്കല്ലായി വർത്തിച്ച ഹിജ്റ നടക്കുമ്പോൾ ശത്രുവിഭാഗം മുഴുവനും ജാഗരൂകമായി പ്രവാചകനെ പിടികൂടാൻ ഒരുങ്ങിനിൽക്കുമ്പോൾ പോലും വഴികാട്ടിയായി മുസ്‌ലിമല്ലാത്ത അബ്ദുല്ലാഹിബ്നു ഉറൈഖിദിനെ തന്നെ നിയോഗിക്കാൻ മാത്രം വിശാലമായിരുന്നു അവരുടെ ആത്മബന്ധം. പ്രവാചകന്റെ നിത്യ ചികിത്സകനായി ഹാരിസ്ബ്നു കൽദാൻ സഖഫി എന്ന ക്രിസ്ത്യാനി നിയമിക്കപ്പെടുന്നതും ഈ ഉൾച്ചേരലിന്റെ ഭാഗമായിട്ടായിരുന്നു.

**കെ.കെ അബ്ദുൽ ഹകീം വല്ലപ്പുഴ**

## മതസംവാദങ്ങളെക്കുറിച്ച്

*പ്രബോധനം* വാരികയിൽ മതസംവാദത്തെക്കുറിച്ചു വന്ന എം.എം അക്ബറിന്റെയും ശൈഖ് മുഹമ്മദ് കാരകുന്നിന്റെയും ലേഖനങ്ങൾ ശ്രദ്ധേയമായി. അവതരിപ്പിക്കപ്പെട്ട രണ്ട് വീക്ഷണ ശൈലികളും പ്രബോധനരംഗത്ത് സജീവമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. രണ്ടിനും അതിന്റേതായ ഫലങ്ങളുമുണ്ട്. ഭിന്ന വീക്ഷണങ്ങളെ ഉൾക്കൊള്ളുകയും അത് പ്രകാശിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്ന *പ്രബോധന*ത്തിന്റെ നീക്കം പ്രശംസയർഹിക്കുന്നു. വ്യക്തികൾക്കും സംഘടനകൾക്കും അതിർത്തി നിർണയിക്കപ്പെട്ടിട്ടുള്ള കേരളത്തിലെ മുസ്‌ലിം പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ ഈ നിലപാടുകൊണ്ട് *പ്രബോധനം* വേറിട്ട് നിൽക്കുന്നു. അങ്ങേയറ്റത്തെ സങ്കുചിത മനോഭാവം കൊണ്ടോ തന്റെ സംഘടനയിലെ പ്രവർത്തകർ എന്തു വിചാരിക്കും എന്ന് ഭയപ്പെടുന്നതുകൊണ്ടോ ആണ് ഇത്തരമൊരു വിശാലതയിലേക്ക് എഴുത്തുകാർ പോലും വരാതെ മടിച്ചുനിൽക്കുന്നതെന്ന് തോന്നുന്നു. അറിവും ചിന്തകളും സംഘടനാ സങ്കുചിതത്വങ്ങൾക്കപ്പുറത്ത് ആദാനപ്രദാനങ്ങൾ നടത്തട്ടെ.

**സുഹൈറലി തിരുവിഴാംകുന്ന്**

## ഖുത്വ്ബയുടെ ഭാഷാ ലാളിത്യം

**ഈയിടെയായി** വെള്ളിയാഴ്ച ഖുത്വ്ബകളിൽ നിരന്തരം കേട്ടുകൊണ്ടിരിക്കുന്ന മുതലാളിത്തം, സാമ്രാജ്യത്വം തുടങ്ങിയ 'സാങ്കേതിക പദങ്ങളുടെ' സന്ദർഭോചിതമല്ലാത്ത ഉപയോഗം അരോചകമാണ്. ഭാഷാ കാഠിന്യത്തെക്കുറിച്ച് നിരവധി വിമർശനങ്ങൾ ഉയർന്നുവരാറുണ്ട്. പല പുസ്തകങ്ങളും പ്രഭാഷണങ്ങളും ഭാഷാപരമായ കാരണങ്ങളാൽ സാധാരണക്കാർക്ക് ദഹിക്കാത്തതാണ്. വിമർശനം ശക്തവും കുറേയൊക്കെ ശരിയുമാണ്. ഇപ്പോൾ ജുമുഅ ഖുത്വ്ബയും അതിൽനിന്നൊഴിവല്ലെന്ന് വന്നിരിക്കുന്നു. നേതാക്കളും പുതുമുഖങ്ങളുമൊക്കെ ശ്രദ്ധിക്കേണ്ടതാണിത്. പല പ്രഭാഷണങ്ങളിലും ഗ്രന്ഥങ്ങളിലും (ദീനിന്റെ അടിസ്ഥാനം വിവരിക്കുന്ന ഗ്രന്ഥങ്ങളിൽ പോലും) സാധാരണക്കാരെ പരിഗണിക്കുന്നില്ല. കടുകട്ടി പദങ്ങൾ ഉപയോഗിച്ചാൽ മാത്രമേ പ്രഭാഷണം മികച്ചതാവൂ എന്ന അബദ്ധ ധാരണ പ്രസംഗകർ തിരുത്തണം. പഞ്ചാബിലെ പഠാൻകോട്ടിൽ സാധാരണക്കാരെയും പണ്ഡിതന്മാരെയും അഭിസംബോധന ചെയ്തുകൊണ്ട് അയത്ന ലളിതമായി ചെയ്ത പ്രൗഢമായ പ്രഭാഷണങ്ങൾ അബുൽ അഅ്‌ലാ മൗദൂദിയുടെ ജനപ്രീതി ഉയർത്തുകയേ ചെയ്തിട്ടുള്ളൂ. ഈ ബോധത്തോടെ നമ്മുടെ ഖത്വീബുമാർ ഖുത്വ്ബ നടത്താൻ ശ്രദ്ധിക്കണം.

**എ.പി മുഹമ്മദ് ഇസ്മാഈൽ**
**നടാൽ, കണ്ണൂർ**

## ജീവത്തായ വായനാനുഭവം

**ഇതൊരു** *പ്രബോധനം* വായനക്കാരന്റെ പരിഭവക്കുറിപ്പാണ്. അസാധാരണമായൊരു വാരിക എന്ന വിശേഷണം നന്നായി ചേരുന്നുണ്ടെങ്കിലും സാധാരണക്കാരന്റെ വായനാനുഭവങ്ങളിലേക്ക് നിറയണമെങ്കിൽ ലേഖനങ്ങളുടെയും ഫത്‌വകളുടെയും വരണ്ട ഭൂമിയിൽ ജീവിതത്തിന്റെ ഭാഷയുണ്ടാകണം. സമാനതകളില്ലാത്ത ദൈവികഗ്രന്ഥത്തിലുമുണ്ട് നൂറു നൂറു കഥകൾ, ഇന്നലെകളുടെ അംശങ്ങൾ, പ്രാസവും വൃത്തവുമുള്ള 'കവിത', അങ്ങനെയങ്ങനെ.... വേദത്തേക്കാൾ വളർന്നുപോയെന്ന ഭാവമില്ലാത്തേടത്തോളം കാലം *പ്രബോധന*ത്തിന്റെ താളുകളിലും ജീവാംശമുണ്ടാകണം.

തത്ത്വങ്ങൾ തനിയെ ജീവിക്കാത്തതുകൊണ്ട് വായനക്കാർക്കായി വാതിലുകൾ തുറന്നിടണം. അവർക്ക് ദഹിക്കുന്ന സദ്യ ഒരുക്കണം.

**മുഹമ്മദ് റാഷിദ്**
**മാർ ഇവാനിയോസ് കോളേജ്**
**തിരുവനന്തപുരം**

## കൃഷിയെപ്പറ്റി

'**ഭൂമിയുള്ളവർ** കൃഷി ചെയ്യണം' എന്ന ലേഖനം (ലക്കം 9) ഇന്ന് ഏറെ പ്രസക്തമാണ്. കൃഷിയെയും കാർഷിക ഉൽപന്നങ്ങളെയും കുറിച്ച് പ്രാധാന്യത്തോടെ പ്രതിപാദിച്ചത് നന്നായി. പലരും തങ്ങളുടെ കൈവശമുള്ള ഏക്കർ കണക്കിന് സ്ഥലത്തെക്കുറിച്ച് പറഞ്ഞ് അഭിമാനിക്കുമ്പോൾ, അത് ഉപയോഗിച്ച് സ്വന്തമായി അധ്വാനിച്ച് ഭക്ഷിക്കാതെ മറ്റുള്ളവർ കൃഷി ചെയ്തതിന്റെ വിളവും കാത്തുനിൽക്കുകയാണ്. യുദ്ധത്തിൽ പോലും കൃഷി സംരക്ഷിക്കണമെന്ന് ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും ഉപദ്രവിക്കരുതെന്നും ആരാധനാലയങ്ങൾ നശിപ്പിക്കരുതെന്നും പറഞ്ഞതുപോലെ കൃഷി നശിപ്പിക്കരുത് എന്നും കൽപിച്ചു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്, യുവജനങ്ങളെ സംഘടിപ്പിച്ച് നമ്മുടെ നാട്ടിലെ തരിശായികിടക്കുന്ന കൃഷിഭൂമികൾ പാട്ടത്തിനെടുത്തും കാർഷിക സൊസൈറ്റികൾ രൂപവത്കരിച്ചും ലാഭവിഹിതം പങ്കിട്ടെടുക്കുന്ന തരത്തിൽ ഒരു മഹാ സംരംഭത്തിന് തുടക്കമിടാൻ സാധിക്കും.

**പി.എസ് ഷെമിന**
**ഇസ്‌ലാമിയാ കോളേജ് ചാലക്കൽ**

## ഫലസ്ത്വീനിൽ മൂന്നു നാൾ

**പതിറ്റാണ്ടുകൾ** നീണ്ട ദുരിതങ്ങളോട് പടവെട്ടി, കൊടിയ പീഡനങ്ങൾ സഹിച്ചുകൊണ്ടിരിക്കുന്ന ഫലസ്ത്വീന്റെ വേദനാജനകമായ ചിത്രം വരച്ചുകാട്ടിയ യാത്രാ വിവരണം (ലക്കം 9) നന്നായി. ജീവിക്കാൻ പോലും സ്വാതന്ത്ര്യം ലഭിക്കാത്ത, അവകാശങ്ങൾ നിഷേധിക്കപ്പെട്ട സഹോദരങ്ങളുടെ യാതന കണ്ണ് നനയിക്കുന്നു. പട്ടാള ക്യാമ്പിന് തൊട്ടടുത്തിരുന്ന് തോക്കിനു മുന്നിൽ അക്ഷരം പഠിക്കേണ്ടിവരുന്ന കുരുന്നു മനസ്സുകളുടെ വേദനകൾ കാണാൻ ലോകത്ത് ആരുമില്ലാതായോ? വായിക്കുന്ന ആരുടെയും മനസ്സിൽ വേദനയുണ്ടാക്കുന്നതും അറിയാതെ കണ്ണുകൾ നനഞ്ഞുപോകുന്നതുമാണ് യാത്രാ വിവരണം. അല്ലാഹു ഫലസ്ത്വീനികളെ രക്ഷിക്കുമാറാവട്ടെ!

**ജെ. ഫൗസി**
**ഇസ്‌ലാമിയാ കോളേജ് ചാലക്കൽ**

## ചുരുക്കെഴുത്ത്

**ജൂലൈ** 11-ന്റെ വാരികയിൽ കെ.ടി ഷബീബ ചേന്ദമംഗല്ലൂർ കമലാ സുറയ്യയെക്കുറിച്ചെഴുതിയ 'ഒരു സ്നേഹഗീതം' എന്ന കവിത നന്നായി. ഒരുപാടാവൃത്തി വായിച്ചു. കവയിത്രി പറഞ്ഞപോലെ, കൊച്ചിയിലായിരുന്നിട്ടും ഒന്ന് ചെന്ന് കണ്ടില്ല എന്നുള്ള വേദന മനസ്സിനെ വേട്ടയാടിക്കൊണ്ടിരിക്കുന്നു.

**കുട്ട്യാലിക്കണ്ടി മുഹമ്മദ് കോയ**
**കണ്ണങ്കടവ്**